# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 843** 04.03.2020 ലെ മറുപടി

**കൊയിലാണ്ടി ഫിഷിംഗ് ഹാർബർ മുതൽ കടൽഭിത്തി നിർമ്മാണം**

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ.കെ. ദാസൻ** | | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കടൽഭിത്തി ബലപ്പെടുത്തുന്നതും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കൊയിലാണ്ടി ഫിഷിംഗ് ഹാർബർ മുതൽ കോരപ്പുഴവരെയുള്ള കടൽത്തീരത്ത് എന്തെല്ലാം പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്ന് അറിയിക്കാമോ;<br><br>(ബി) മേൽ സൂചിപ്പിച്ച ഭാഗത്ത് നടപ്പിലാക്കുന്നതിനായി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റുകളുടെ പേരും തുകയും ആയതിന്റെ നിലവിലുള്ള സ്ഥിതിയും പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ? | (എ) യും (ബി) യും | കൊയിലാണ്ടി ഫിഷിംങ്ങ് ഹാർബർ മുതൽ തെക്കോട്ട് കോരപ്പുഴ വരെയുള്ള കടൽ തീരത്ത് കഴിഞ്ഞ കാലവർഷത്തിൽ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിട്ട 5 ഫിഷിംങ്ങ് ഗ്യാപ്പുകളിൽ കോർവാൾ നിർമ്മിക്കുന്ന പ്രവൃത്തി നടന്നു വരികയാണ്. കൂടാതെ ചേമഞ്ചേരി പഞ്ചായത്തിൽ കാപ്പാട് കടൽ തീരത്ത് 100 മീറ്റർ കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിനായിട്ടുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. ഫണ്ട് ലഭ്യത അനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. കൊയിലാണ്ടി ഫിഷിംങ്ങ് ഹാർബർ മുതൽ തെക്കോട്ട് കോരപ്പുഴ വരെയുള്ള കടൽ തീരത്ത് 5 ഫിഷിംങ്ങ് ഗ്യാപ്പുകളിൽ കോർവാൾ നിർമ്മിക്കുന്ന പ്രവൃത്തി

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പ്രകൃതിദുരന്തം- ചെങ്ങോട്ട്കാവ് പഞ്ചായത്തിൽ പാറക്കത്താഴെ ബീച്ചിൽ സിപി 1920 നും സിപി 1921 നും ഇടയിൽ 52 മീറ്റർ നീളത്തിൽ കോർവാൾ ഉപയോഗിച്ച് തീരദേശ റോഡ് സംരക്ഷണം | 19.30 |
| 2 | പ്രകൃതിദുരന്തം- ചെങ്ങോട്ട്കാവ് പഞ്ചായത്തിലെ പൊയിൽ കാവിനു സമീപം കവലാട് ബീച്ചിൽ സിപി 1922 നും സിപി 1923 നും ഇടയിൽ 60 മീറ്റർ നീളത്തിൽ കോർവാൾ ഉപയോഗിച്ച് തീരദേശ റോഡ് സംരക്ഷണം | 22.60 |
| 3 | പ്രകൃതിദുരന്തം- ചെങ്ങോട്ട്കാവ് പഞ്ചായത്തിൽ പൊയിൽക്കാവിനു സമീപം ഏഴുകടിക്കൽ ബീച്ചിൽ 45 മീറ്റർ നീളത്തിൽ തീരദേശ റോഡ് സംരക്ഷണം | 17.00 |
| 4 | പ്രകൃതിദുരന്തം- ചെങ്ങോട്ട്കാവ് പഞ്ചായത്തിൽ പൊയിൽക്കാവിനു സമീപം ഏഴുകടിക്കൽ ബീച്ചിൽ സിപി 1924 നും സിപി 1925 നും ഇടയിൽ 40 മീറ്റർ നീളത്തിൽ കോർവാൾ ഉപയോഗിച്ച് തീരദേശ റോഡ് സംരക്ഷണം | 15.00 |
| 5 | പ്രകൃതിദുരന്തം- ചെങ്ങോട്ട്കാവ് പഞ്ചായത്തിൽ പൊയിൽക്കാവിനു സമീപം മൂന്നുകടിക്കൽ ബീച്ചിൽ സിപി 1926 നും സിപി 1927 നും ഇടയിൽ 30 മീറ്റർ നീളത്തിൽ കോർവാൾ ഉപയോഗിച്ച് തീരദേശ റോഡ് സംരക്ഷണം | 11.20 |
| | ആകെ | 85.10 |

## 2. ചേമഞ്ചേരി പഞ്ചായത്തിൽ കാപ്പാട് കടൽ തീരത്ത് 100 മീറ്റർ കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിനായിട്ടുള്ള പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | ASE പ്രവൃത്തികൾ - ചേമഞ്ചേരി പഞ്ചായത്തിൽ CP1914 ൽ നിന്നും 60 മീറ്റർ വടക്കു നിന്നും വടക്കുഭാഗത്തേക്കായി 100 മീ. കാപ്പാട് കടൽ ഭിത്തിയുടെ പുനരുദ്ധാരണം | 46,00,000/- |
| 2 | ASE പ്രവൃത്തികൾ - ചേമഞ്ചേരി പഞ്ചായത്തിൽ CP1918 ൽ നിന്നും 120 മീറ്റർ തെക്കുമാറി വടക്കുഭാഗത്തേക്കായി 160 മീ. നീളത്തിൽ കാപ്പാട് കടൽ ഭിത്തിയുടെ പുനരുദ്ധാരണം | 69,00,000/- |
| 3 | ASE പ്രവൃത്തികൾ - ചേമഞ്ചേരി പഞ്ചായത്തിൽ CP1891 നു സമീപം കണ്ണൻകടവ് ബീച്ചിൽ 40 മീറ്റർ നീളത്തിൽ നിലവിലുള്ള ഫിഷിംഗ് ഗ്യാപ്പടക്കുന്ന പ്രവൃത്തി. | 28,50,000/- |
| 4 | ASE പ്രവൃത്തികൾ - ചേമഞ്ചേരി പഞ്ചായത്തിൽ CP1900 ത്തിനും 1901 നും ഇടയിൽ 65 മീറ്റർ നീളത്തിൽ കണ്ണൻകടവ് ബീച്ചിന്റെ പുനരുദ്ധാരണം. | 40,00,000/- |
| 5 | ASE പ്രവൃത്തികൾ - ചേമഞ്ചേരി പഞ്ചായത്തിൽ CP1915 ന്റെ വടക്കു ഭാഗത്തു നിന്നും വടക്കോട്ടായി 225 മീറ്റർ നീളത്തിൽ കാപ്പാട് കടൽ ഭിത്തിയുടെ പുനരുദ്ധാരണം. | 120,00,000/- |
| | ആകെ | 3,03,50,000/- |

സെക്ഷൻ ഓഫീസർ